(സി) തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി കൊടുക്കണമെന്ന വ്യവസ്ഥ നീക്കം ചെയ്യാനും ക്ഷേമനിധിയിലേക്ക് അംഗങ്ങൾ അടയ്ക്കേണ്ട അംശാദായം വർദ്ധിപ്പിക്കാനും ബോർഡ് ശുപാർശ ചെയ്തിരുന്നോ ;

(ഡി) സർക്കാർ പ്രസ്തുത ശുപാർശകൾ അംഗീകരിച്ചിട്ടുണ്ടോ ;

(ഇ) ബോർഡിലെ തൊഴിലാളി പ്രാതിനിധ്യം എത്രയാണ് എന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ബോർഡിന്റെ ജീവനക്കാരുടെ ശമ്പളം, മെമ്പേഴ്സിന്റെ അലവൻസ്, യാത്രാബത്ത തുടങ്ങിയ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്ക് നിധിയിൽ നിന്ന് 1994-95, 1995-96 എന്നീ വർഷങ്ങളിൽ ചെലവായ തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ–ഡി) ഉണ്ട്. അംഗങ്ങളുടെ അംശദായം ഇപ്പോഴുള്ളതിൽ നിന്നും വർദ്ധിപ്പിക്കാനും ആക്ടിൽ നിധിയിലെ അംഗങ്ങൾക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിന് അനുവാദം നൽകുന്ന 14-ാം വകുപ്പിലെ 2-ാം ഉപവകുപ്പ് നീക്കം ചെയ്യുവാനുമാണ് ബോർഡ് ശുപാർശ ചെയ്തത്. ഈ ശുപാർശകൾ സർക്കാർ അംഗീകരിച്ചിട്ടില്ല.

(ഇ) അഞ്ച് പ്രതിനിധികൾ.

(എഫ്) 1994-95 27,61,906 രൂപ
1995-96 32,21,449 രൂപ.

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്

48. [1829] ശ്രീ. ടി. ശിവദാസമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തയ്യൽ തൊഴിലാളി ക്ഷേമനിധി നിയമപ്രകാരമുള്ള ബോർഡ് നിലവിൽ വന്നിട്ടുണ്ടോ ; എങ്കിൽ എന്നാണ് നിലവിൽ വന്നത് ; വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത ബോർഡിൽ എത്ര തൊഴിലാളി പ്രതിനിധികളുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) തയ്യൽ തൊഴിലാളി ആക്ട് നിലവിൽ വരുന്നതിനുമുമ്പ് പ്രസ്തുത തൊഴിലാളികൾക്ക് അംഗത്വം നൽകിയിരുന്നത് ഏതു ക്ഷേമനിധിയിലായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(ഡി) 1991-ലെ കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം തയ്യൽ തൊഴിലാളി ക്ഷേമനിധി ആക്ട് നിലവിൽ വന്ന തീയതിയിൽ എത്ര തയ്യൽ തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടായിരുന്നു എന്ന് വെളിപ്പെടുത്തുമോ ;

(ഇ) തയ്യൽ തൊഴിലാളി ക്ഷേമനിധി നിലവിൽ വന്നതിനുശേഷം നാളിതുവരെ എത്ര തൊഴിലാളികൾ പുതിയതായി രജിസ്റ്റർ ചെയ്തു എന്ന് വ്യക്തമാക്കുമോ ;

(എഫ്) 1991-ലെ കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം രജിസ്ട്രേഷൻ നൽകിയിരുന്ന എല്ലാ തയ്യൽ തൊഴിലാളികളേയും തയ്യൽ തൊഴിലാളി ക്ഷേമപദ്ധതിയിലേക്ക് മാറ്റിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്, നാല് സർക്കാർ പ്രതിനിധികളും, നാല് തൊഴിലുടമാ പ്രതിനിധികളും, ആറ് തൊഴിലാളി പ്രതിനിധികളും/സ്വയം തൊഴിൽ ചെയ്യുന്നവർ എന്നീ ഡയറക്ടർമാരെ ഉൾപ്പെടുത്തി 16-12-1995-ലെ ജി. ഒ. (ആർ‌ടി) 2975/95/ തൊഴിൽ നമ്പർ വിജ്ഞാപനപ്രകാരം രൂപീകരിച്ച കേരള തയ്യൽ തൊഴിലാളിക്ഷേമനിധി ബോർഡ് 18-12-1995-ൽ നിലവിൽ വന്നു.

(ബി) ആറ് തൊഴിലാളി പ്രതിനിധികളും ഉണ്ട്.

(സി) കേരള കൈ തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമനിധിയിൽ

(ഡി) 1,63,882 തൊഴിലാളികളും.

(ഇ) പുതിയതായി ആരും രജിസ്റ്റർ ചെയ്തിട്ടില്ല.

(എഫ്) മാറുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

തയ്യൽ തൊഴിലാളി ക്ഷേമ പദ്ധതി മാറുന്നതിനുള്ള പദ്ധതി

49. [1830] ശ്രീ. ടി. ശിവദാസമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1991-ലെ കേരള കൈതൊഴിലാളി വിദഗ്ധതൊഴിലാളി ക്ഷേമപദ്ധതിയനുസരിച്ച് രജിസ്റ്റർ ചെയ്തിരുന്ന തയ്യൽ തൊഴിലാളികളെ ക്ഷേമ പദ്ധതിയിലേക്ക് മാറുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കുമോ; ഈ നടപടി പൂർത്തിയായിട്ടുണ്ടോ ;

(ബി) ഇതിനായി രജിസ്ട്രേഷനുള്ള തൊഴിലാളികൾ ചെയ്യേണ്ട കാര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) തയ്യൽ തൊഴിലാളി ക്ഷേമപദ്ധതിപ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് തൊഴിലാളികൾക്ക് നൽകിവരുന്നത് ; വിശദാംശം വ്യക്തമാക്കാമോ ;

(ഡി) ഇതിനാവശ്യമായ ചട്ടങ്ങൾക്ക് രൂപം നല്കിയോ ; ഇതിനകം ഇക്കാര്യത്തിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളുടെ ഓരോ കോപ്പി മേശപ്പുറത്തു വയ്ക്കുമോ ;

(ഇ) ആക്ട് പ്രകാരം പുറപ്പെടുവിക്കേണ്ട ചട്ടങ്ങൾ എന്നത്തേക്ക് പൂർണ്ണമായും പുറപ്പെടുവിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ഈ ചട്ടങ്ങൾ സമയ ബന്ധിതമായി പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ 23-ാം ഖണ്ഡികയനുസരിച്ചുള്ളതാണ് നടപടിക്രമങ്ങൾ. പ്രസക്തഭാഗം അനുബന്ധമായി ചേർത്തിട്ടുണ്ട്. † ഈ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല.

(ബി) വിശദവിവരങ്ങൾ പരിശോധിച്ചുവരുകയാണ്

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly